(ബി) ശബരിമല റോഡുകളും അനുബന്ധ റോഡുകളും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ മറ്റു റോഡുകളും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുകയാണ്. വനം, നാട്ടിൻപുറം എന്ന പ്രത്യേക പരിഗണനയില്ല.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചു പുനരുദ്ധാരണ പണികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അത്യാവശ്യം വേണ്ട അറ്റകുറ്റപണികൾ നടത്തി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനാണ് മുൻഗണന നൽകാറുള്ളത്. പുതിയതായി ഏറ്റെടുത്ത റോഡുകൾ ഘട്ടം ഘട്ടമായി അഭിവൃദ്ധിപ്പെടുത്തിയെടുക്കുവാനേ കഴിയുകയുള്ളൂ.

അത്തോളി ചീക്കിലോട്-നന്മണ്ട എം.എൽ.എ. റോഡ്

35 [3016] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തോളി ചീക്കിലോട്-നന്മണ്ട എം.എൽ.എ. റോഡിന്റെ ചില സ്ഥലങ്ങളിൽ വാഹനങ്ങൾക്ക് സൈഡ് കൊടുക്കുന്നതിന് വീതിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നിർദ്ദേശമാണ് ഇപ്പോൾ പരിഗണനയിലുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡിന്റെ കി.മീ. 0/0 മുതൽ 4/580 വരെ എം.എൽ.എ. റോഡ് സ്കീമിൽ ഉൾപ്പെടുത്തി പരിഷ്ക്കരിച്ചിട്ടുണ്ട്. ബാക്കി വരുന്ന 5/700 കി.മീ. ഉം വീതി കൂട്ടി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പണിക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

എം.ഡി.ആർ. റോഡിനെ സ്റ്റേറ്റ് ഹൈവേയായി ഉയർത്താനുള്ള നിവേദനം

36 [3017] *ശ്രീ. സി. മമ്മൂട്ടി:*

„ *പി. കെ. അബ്ദുറബ്ബ്:*

„ *കെ. എൻ. എ. ഖാദർ:*

„ *ഇസ്ഹാക് കുരിക്കൾ:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ നിലമ്പൂർ, ഊട്ടി, മൈസൂർ, ബാംഗ്ളൂർ എന്നീ സ്ഥലങ്ങളെ നാടുകാണിച്ചുരം വഴി എളുപ്പത്തിൽ ബന്ധിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വളാഞ്ചേരി-അങ്ങാടിപ്പുറം-പട്ടിക്കാട്-വണ്ടൂർ-നിലമ്പൂർ-എം.ഡി.ആർ. (മേജർ ഡിസ്ട്രിക്ട് റോഡ്) 51.4 കി.മീ. സ്റ്റേറ്റ് ഹൈവേയായി ഉയർത്തുന്നതിന് എൻ.ജി.ഒ. സർവ്വീസ് സംഘടനയായ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു.) സംസ്ഥാന കമ്മിറ്റിയിൽ നിന്ന് നിവേദനം ലഭിച്ചിരുന്നോ;

(ബി) ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾക്ക് കാലതാമസം വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതേ റോഡിന് 1995-ൽ ശ്രീ. സി. ടി. അഹമ്മദ് അലി മരാമത്ത് മന്ത്രിയായിരുന്നപ്പോൾ സ്റ്റേറ്റ് ഹൈവേ ആക്കാൻ ഉത്തരവ് നൽകിയിരുന്നോ;

(ഇ) ഈ റോഡിന്റെ തുടർ നടപടികൾ ഇനിയും വൈകിപ്പിക്കാതെ അത് അപ്ഗ്രേഡ് ചെയ്ത് പ്രവൃത്തികൾ പൂർത്തിയാക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) നിവേദനം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 18-5-2005-ലാണ് നിവേദനം ലഭിച്ചത്.

(ഡി) സർക്കാർ ഉത്തരവൊന്നും നൽകിയിട്ടില്ല.

(ഇ) പരിശോധിക്കുന്നതാണ്.

ഹൈവേ വീതി കൂട്ടുന്നതിനുള്ള നടപടി

37 [3018] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 213-ൽ കുമരംപുത്തൂർ-ചുങ്കം ജംഗ്ഷനിൽ ഹൈവേ വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എന്ത് നടപടിയാണ് ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) എൻ.എച്ച്. 213-ൽ കുമരംപുത്തൂർ-ചുങ്കം ജംഗ്ഷനിൽ ഹൈവേ വീതി കൂട്ടുന്നതിന് ട്രാഫിക് സേഫ്റ്റിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കി. മീ. 95/00 മുതൽ കി.മീ. 96/00 വരെയുള്ള പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly